## പതിനാലാം കേരള നിയമസഭ

### പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 234 — 03/02/2020-ൽ മറുപടിക്ക്

### 'കുട്ടിഡോക്ടർ' പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **പ്രൊഫ.കെ.യു. അരുണൻ** | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** |
| 'കുട്ടിഡോക്ടർ'പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | കൗമാരക്കാരിലെ വൈകാരിക ആരോഗ്യവും ജീവിത നിപുണതയും മെച്ചപ്പെടുത്തുക, അവർക്കെതിരെയുള്ള അതിക്രമങ്ങൾ ലഹരി/പുകയില ഉപയോഗം എന്നിവ തടയുക, ജീവിത ശൈലി രോഗങ്ങൾ തടയുക, ലൈംഗിക വിദ്യാഭ്യാസം നൽകുക, മാനസികാരോഗ്യം, പരിസര ശുചിത്വം, വ്യക്തി ശുചിത്വം, പോഷകാഹാരത്തെക്കുറിച്ചുള്ള അറിവ് എന്നിവ സംബന്ധിച്ച് ബോധവൽക്കരണം നൽകുക, ഫാസ്റ്റ്/ജങ്ക് ഫുഡിന്റെ ഉപയോഗം നിയന്ത്രിക്കുക മുതലായ ഉദ്ദേശങ്ങളോട്ട കൂടി നടപ്പിലാക്കുന്ന പദ്ധതിയാണ് 'കുട്ടി ഡോക്ടർ' പദ്ധതി അഥവാ പിയർ എജ്യൂക്കേറ്റേഴ്സ് പ്രോഗ്രാം. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ മികവ് പുലർത്തുന്ന കുട്ടികളെ തെരഞ്ഞെടുത്ത് മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ പരിശീലനം നൽകി അവരിലൂടെ മറ്റ് കുട്ടികൾക്ക് പരിശീലനം നൽകുകയും ആരോഗ്യകരമായ ജീവിത ശൈലി വാർത്തെടുക്കുകയും അതിലൂടെ സമൂഹത്തിൽ മാറ്റമുണ്ടാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. രോഗ പ്രതിരോധം, പരിസര ശുചിത്വം, ആരോഗ്യ വർദ്ധക പ്രവർത്തനങ്ങൾ എന്നിവ വിദ്യാർത്ഥികളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു. |

സെക്ഷൻ ഓഫീസർ